# ജി.എച്ച്.എസ്
# നെട്ടയം




റവന്യൂ ജില്ല-കൊല്ലം

വിദ്യാഭ്യാസ ജില്ല-പുനലൂർ

ഉപജില്ല-അഞ്ചൽ

## ദിശ

ഡിജിറ്റൽ-മാഗസിൻ

# ദിശ

## ഡിജിറ്റൽ മാഗസിൻ

### ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്

**ജി. എച്ച്.എസ് നെട്ടയം**



## ആമുഖം

ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ ആഭിമുഖ്യത്തിൽ 2023- 24 അധ്യയനവർഷത്തെ ഡിജിറ്റൽമാഗസിൻ എന്ന നൂതന ആശയത്തെ "ദിശ" എന്നപേരിൽ യാഥാർത്ഥ്യമാക്കുകയാണ് നെട്ടയം ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ . വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികളെ പരിപോഷിപ്പിക്കുന്നതിനും വളർന്നുവരുന്ന തലമുറയ്ക്ക് കമ്പ്യൂട്ടർരംഗത്തെ അനന്തസാധ്യതകളെ പരിചയപ്പെടുത്താനും ഇതിലൂടെ കഴിയും. വിവരവിനിമയ സാങ്കേതിവിദ്യയുടെ ഉപയോഗം സാമൂഹിക ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വിദ്യാർഥികളുടെ ഈ ഡിജിറ്റൽ മാഗസിൻ പുത്തൻ തലമുറയ്ക്ക് പ്രചോദനമായിമാറട്ടെ. അറിവും ഭാവനയുംകൈകോർക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ വിദ്യാർഥികളുടെ ശ്രമഫലമായി നിങ്ങളുടെ മുമ്പിൽ എത്തുകയാണ്.ഈ ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും, അധ്യാപകർക്കും അഭിനന്ദനവും ഒപ്പം ആശംസകളും നേരുന്നു

എന്ന്,

പ്രധാനാധ്യാപിക

അജിത എസ്

നെട്ടയം ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിൽ അംഗങ്ങളായ 2022-25 ബാച്ചിന്റെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന " ദിശ ". ഡിജിറ്റൽ മാഗസിൻ ദിശാബോധത്തോടെ മുന്നേറട്ടേ .

ആശംസകളോടെ

സന്തോഷ് ലാൽ.പി.കെ
സീനിയർ അസിസ്റ്റന്റ്

# ഉള്ളടക്കം


മഴ....................................................................................6
എന്റെകേരളം..........................................................................7
പഴഞ്ചൊല്ലുകളുംആശയങ്ങളും...................................................8
ഉത്സവഘോഷയാത്ര.............................................................9
തോരാ മഴ..............................................................................10
വായന കുറിപ്പ്.......................................................................11
കഞ്ഞുണ്ണിമാഷ്–ജീവചരിത്രകുറിപ്പ്............................................12
മലയാളം എന്റെഅമ്മ ................................................................13
മാനും മുയലും...........................................................................14
പൂമ്പാറ്റ...................................................................................15
കിട്ടുന്നതിൽ പാതി......................................................................16
ഒരു വൻഡർലാ യാത്ര.................................................................17
മലയാളം പഴഞ്ചൊല്ലുകൾ.........................................................18
എലിയും പൂച്ചയും......................................................................19
എൻ ഗുരുനാഥൻ, അമ്മ വാത്സല്യം........................................20
ചിത്രരചനകൾ...................................................................21–28






ശിവാനി .ജെ
Std VIII A

# മഴ

നിറ പുഞ്ചിരിയായ് നീ നിന്നു
നിന്നിലലിയാൻ ഞാനും
കാർമേഘത്തിൽ ശോണിമയിൽ
നീ തന്ന നീലിമയിൽ
അശ്വഘോഷ രഥമായി
നീർമിഴിയിലലിഞ്ഞു
ചെഞ്ചായം പൂശിയ വാനിൽ
അനശ്വര ഗാനമായി നീ പിറന്നു
ചേതനയമൊരു അരുണിമയിൽ
വാറൊളി ചിന്നി നീ നിന്നു
നിൻ നിതാന്ത ചാരുതയിൽ
ആർത്തിരമ്പാൻ ഞാൻ വന്നു



## എന്റെ കേരളം



ദേവനന്ദ കെ എസ്
std V A

എന്റെ നാട് കേരളം
ഞാൻ വളർന്ന നാട്
കേര നിരകൾ കാറ്റിൽ ആട്ടം
സുന്ദരമൊരു കേരളം

ഓണമുണ്ട് വിഷുവും ഉണ്ട്
കൊയ്ത്തും ഉണ്ട് പാട്ടും ഉണ്ട്
മേളമുണ്ട് കൊട്ട് ഉണ്ട്
ഭംഗി ഉള്ള കേരളം

ആട്ടം ഉണ്ട് തുള്ളൽ ഉണ്ട്
തെയ്യം ഉണ്ട് കുമ്മി ഉണ്ട്
കലകൾ എല്ലാം കൈ കോർക്കും
കേരളം എന്റെ നാട്

കടൽ ഉണ്ട് കായൽ ഉണ്ട്
വയൽ ഉണ്ട് തൊപ്പും ഉണ്ട്
മല ഉണ്ട് മരം ഉണ്ട്
സർവ സുന്ദര കേരളം എന്റെ നാട്



## പഴഞ്ചൊല്ലുകളും ആശയങ്ങളും

*അടിസ്ഥാനം ഉറച്ചേ ആരൂഢമുറയ്ക്കൂ
ഏത് കാര്യത്തിനും അടിസ്ഥാനം ഭദ്രമായിരുന്നാൽ മാത്രമേ നിലനിൽപ്പുള്ളൂ.

*അധികമായാൽ അമൃതും വിഷം
എത്ര നല്ല വസ്തുവായാലും അധികമായാൽ ദോഷമായി ഭവിക്കും.

*അല്ലലുള്ള പുലിയേ ചുള്ളിയുള്ള കാടറിയൂ
കഷ്ടപ്പാടുണ്ടെങ്കിൽ മാത്രമേ പണിയെടുക്കുകയുള്ളൂ .

*ചുവടു പിഴച്ചാൽ വീഴുക തന്നെ ചെയ്യും
എത്ര വലിയവനായാലും ചുവട് പിഴച്ചാൽ വീഴുക തന്നെ ചെയ്യും .

*അളമുട്ടിയാൽ ചേരയും കടിക്കും
അക്രമം അസഹ്യമായാൽ കഴിവുകുറഞ്ഞവനും എതിർക്കും.



വൃന്ദ
Std VIII B

# ഉത്സവ ഘോഷയാത്ര



നാടെങ്ങും ഉത്സവം തുടങ്ങി
നെറ്റിപ്പട്ടം കെട്ടിയ ആനകളും
ചെണ്ടമേളങ്ങളും കാണാൻ
നല്ല രസമാണ്
കൂടാതെ വാഹനങ്ങളിലായി
കൊണ്ടുവരുന്ന ഓരോ
കാഴ്ചകൾ പിന്നെ മുത്തു
കുടകൾ താലപ്പൊലി
അങ്ങനെ കുറെ കാഴ്ചകൾ ഉണ്ട് എനിക്ക്
ഒരുപാട് ഇഷ്ടമായി



ആദികേശവ്
Std I

# തോരാ മഴ

എന്തൊരു മഴ ഇത്
തോരാ മഴ ഇത്
കാലം കാണാത്ത
ഭീകര മഴ ഇത്

വെള്ളപ്പൊക്കം മണ്ണിടിച്ചിൽ
എന്തെല്ലാം ദുരിതങ്ങൾ
സുന്ദരമായ ഈ നാട്
മഴയിലാകെ നശിക്കുന്നു



സുന്ദരമായ പ്രകൃതി ഇത്
കണ്ണീർ വാർത്തു കരയുന്നു
എവിടെയും മഴ തന്നെ
ലോകം മുഴുവനും മഴ

ഓർക്കുന്നു മനുഷ്യ
നീ ചെയ്ത ക്രൂരതകൾ
പെയ്തൊലിക്കുന്നു
ലോകം മുഴുവൻ മഴയിൽ അലിയുന്നു



ദേവനന്ദ കെ എസ്
std V A

# വായന കുറിപ്പ്

കുന്നിമണികൾ എന്ന പുസ്തകത്തിലെ ആനപ്പൂട എന്ന കഥ ഞാൻ വായിച്ചു. ബേപ്പൂർ സുൽത്താൻ എന്നും വൈക്കം മുഹമ്മദ് ബഷീർ അറിയപ്പെടുന്നു. ആനപ്പൂടയിലെ കഥാപാത്രങ്ങൾ ആണ് ഉമ്മ, ബാപ്പ, രാധമണി, കൊല കൊമ്പൻ, ആനക്കാർ എന്നിവർ . ഇതിൽഎനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ഉമ്മ യെ ആണ്. ഉമ്മയെ എനിക്ക് ഇഷ്ടപ്പെടുവാൻ ഉള്ള കാരണം ഉമ്മ ചിരി തന്നെയാണ്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വരി, ഒരു ആന പൂട വാങ്ങിച്ചു ഇവന് കൊടു അല്ലെങ്കിൽ ഇനി ആ പാവപ്പെട്ട കൊമ്പനാനയെ ഇവൻ കടിക്കും. രാധാമണി കുട്ടി ആയ ബഷീറിനോട് ആന പൂട വേണം എന്ന് ആവശ്യപ്പെടുന്നതും അത് കേട്ടു ആന പൂടക്ക് വേണ്ടി ആനയുടെ വാലിൽ കടിക്കുകയും ഈ വിവരം ബഷീർ വീട്ടിൽ പറയുന്നതും ആണ് ഈ കഥയിൽ നിന്ന് എനിക്ക് മനസിലാകുന്നത്. എനിക്ക് ഈ കഥ വളരെ ഇഷ്ടം ആയി.



ശ്രേയ ശ്രീജേഷ്
Std V B

# കുഞ്ഞുണ്ണി മാഷ് –ജീവചരിത്ര കുറിപ്പ്

കേരളത്തിലെ ബാല്യ സാഹിത്യരംഗത്ത് അതിപ്രശസ്തനായ കുഞ്ഞുണ്ണി മാഷ് 1927 മെയ് 10 ന് തൃശ്ശൂർ ജില്ലയിലെ വലപ്പാട് ജനിച്ചു. സ്കൂൾ അധ്യാപകനായി സേവനമനുഷ്ഠിച്ചു. രാമകൃഷ്ണാശ്രമത്തിൽ അന്തേവാസിയായി കുറേക്കാലം കഴിഞ്ഞു. കുട്ടിയുടെ കഥകളും കുഞ്ഞു കവിതകളുമാണ് മാഷിന്റെ സാഹിത്യ സംഭാവനകൾ. അമൃത കഥകൾ, അക്ഷരത്തെറ്റ്, ഊണ് തൊട്ടുറക്കം വരെ, കുഞ്ഞുണ്ണി കവിതകൾ, പഴഞ്ചൊല്ലുകൾ തുടങ്ങി ധാരാളം കൃതികൾ രചിച്ചു. അക്ഷരതെറ്റിനും, കുഞ്ഞുണ്ണി കവിതകൾക്കും കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. രൂപപരമായി കുഞ്ഞി കവിതകൾ പഴഞ്ചൊല്ലുകളോടും നാട്ടുമൊഴികളോടും അടുത്ത് നിൽക്കുന്നു. ചിരിയേക്കാൾ ചിന്തയെ ഉണർത്തുന്ന കുഞ്ഞുണ്ണി മാഷുടെ കവിതകൾ ഏതു തരക്കാരനും ആസ്വാദ്യമാണ്. പൊക്കമില്ലായ്മയാണെന്റെ പൊക്കംഎന്ന് തന്റെ ശുദ്ധാഹാൻ കവിതകളിലൂടെ അദ്ദേഹം തെളിയിച്ചു. ആത്മകഥയായ "എന്നിലൂടെ" അദ്ദേഹത്തിന്റെ ലാളിത്യത്തിനും, ചാരുതയ്ക്കും നർമ്മബോധത്തിനും പ്രശസ്തമാണ് .കുഞ്ഞുണ്ണി മാഷ് 2006 മാർച്ച് 26 ന് അന്തരിച്ചു





ശ്രേയ ശ്രീജേഷ്
Std V B

# മലയാളം എന്റെ അമ്മ

മലയാളമാണെന്റെ ഭാഷ

രണ്ടക്ഷരം പകർന്നിട്ടും എന്നമ്മ

വിദ്യാലയത്തിന്റെപടികളിൽ

അക്ഷരം പകർന്നുതന്നമ്മ

കവികളാൽ വാഴ്ത്തിയ എന്നമ്മ

കഥകളാൽ കവികളാൽ സമൃദ്ധമായ എന്നമ്മ

കേരള നാടിന്റെ ഭംഗി ഓതി പറയുമെന്നമ്മ

കേരള വൃക്ഷത്തെ വളർത്തിയ എന്നമ്മ


തമിഴും സംസ്കൃതവും ഇടകലർന്നെന്നമ്മ

നിന്നെ ഞാൻ എന്നമ്മയായ് വാഴ്ത്തിടുന്നു



ഗോകുൽ .ജി
Std IX B

# മാനും മുയലും



പണ്ടൊരു കാട്ടിൽ ഒരു മാനും ഒരു മുയലും ഉണ്ടായിരുന്നു അവർ നല്ല കൂട്ടുകാർ ആയിരുന്നു. അവർ ഒരു ദിവസം രണ്ട് പേരും കൂടെ കാട്ടിൽ വെച്ച് ഒരു തർക്കം ഉണ്ടായി. എന്താണെന്നോ ഞാൻ ആണ് കാട്ടിലെ ഏറ്റവും വലിയ സുന്ദരി മാൻ പറഞ്ഞു അല്ല ഞാൻ ആണ് ഏറ്റവും വലിയ സുന്ദരി മുയൽ പറഞ്ഞു. അങ്ങനെ അവർ തർക്കം കൂടുമ്പോൾ ഒരു വിളി കേട്ടു അവർ തിരിഞ്ഞു നോക്കിയപ്പോൾ ഒരു തവള കുട്ടൻ ആണ് വിളിച്ചത്. എന്താ തവള കുട്ടാ എത്ര നാൾ ആയി കണ്ടിട്ട് മുയൽ പറഞ്ഞു. നീ മാറി പോയി എത്ര നാൾ ആയി കണ്ടിട്ട് മാൻ പറഞ്ഞു. ആ നിങ്ങളും മാറി പോയി എത്ര നാൾ ആയി കണ്ടിട്ട് തവള പറഞ്ഞു. നിങ്ങൾ എന്താണ് ചെയ്യുന്നേ എന്ന് തവള ചോദിച്ചു. മുയൽ പറഞ്ഞു ഞങ്ങൾ കളിക്കുകയാണ് .കളിക്കാൻ വരുന്നോ?ഞാൻ വരുന്നു കളിക്കാൻ. എന്ത് കളി ആണ് കളിക്കുന്നത്. ശരി ഒളിച്ചു കളിക്കാം. നല്ല രസം ആണ്, നിങ്ങൾ പോയി ഒളിക്കു മുയൽ പറഞ്ഞു. പെട്ടന്ന് ഒളിക്ക് അവൻ കണ്ടു പിടിക്കും തവള പറഞ്ഞു. ശരി ഒളിക്കാം എവിടെ മാൻ പറഞ്ഞു. ആ പാറ കെട്ട് നീ കണ്ടില്ലേ അവിടെ ഒളിക്കു മുയൽ പറഞ്ഞു. ശരി ഒളിക്കാം. പെട്ടന്ന് ഒളിക്കാം മുയൽ പറഞ്ഞു. അങ്ങനെ അവർ കൂട്ടുകാർ ആയി. സന്തോഷത്തോടെ പിരിഞ്ഞു



ദിയ അനിൽ
Std I




**കുഞ്ഞി പൂമ്പാറ്റ**

**പൂമ്പാറ്റ പൂമ്പാറ്റ**

**കുഞ്ഞി പൂമ്പാറ്റ**

**പാറി നടക്കും പൂമ്പാറ്റ**

**കുഞ്ഞി പൂമ്പാറ്റ**

**തേൻ കുടിക്കും പൂമ്പാറ്റ**

**കുഞ്ഞി പൂമ്പാറ്റ**



ദീപക് ദീപു
Std I

# കിട്ടുന്നതിൽ പാതി

പണ്ട് പണ്ട് ഒരിടത്ത് മുല്ലാ നസറുദീന് എന്ന ഒരു വ്യക്തി ഉണ്ടായിരിന്നു. അദ്ദേഹം അവിടെ ധാന്യങ്ങളും പച്ചക്കറികളും കൃഷി ചെയ്തു. എപ്പോഴും നല്ല വിളവു കിട്ടിയിരുന്ന ഗ്രാമത്തിലെ മുഖ്യന് നസറുദ്ദിന്റെ വിളവിന്റെ പങ്കു കിട്ടണമെന്ന് മോഹം. പക്ഷേ മുല്ലാ കൊടുക്കുന്നുമില്ല.അതുകൊണ്ട് തന്നെ ഗ്രാമമുഖ്യന് മുല്ലയോട് വളരെ അധികം ദേഷ്യമായി പക്ഷേ മുല്ലയതൊന്നും തന്നെ കാര്യമാക്കിയിരുന്നില്ല.

അങ്ങനെ ഇരിക്കെ ഗ്രാമമുഖ്യന് ആ നാട്ടിലെ എല്ലാം നിയന്ത്രിച്ചു കൊണ്ട് പോകുന്ന തിരുമേനിയുടെ മുന്നിൽ ഈ വിവരം പരാതിപെടണം എന്ന് ഗ്രാമ മുഖ്യന് തന്റെ ശിഷ്യനോട് കൽപിച്ചു. അങ്ങനെ തിരുമേനിയുടെ മുന്നിൽ പരാതി ഉണർത്തിക്കാൻ ചെന്നു. തിരുമേനി ആ മുല്ലാ നസമുദ്ദീൻ വിളകൾ ഇറക്കി. അതിൽ നല്ല വിളകൾ ലഭിക്കുകയും ചെയ്തു പക്ഷേ മുല്ലാനസറുദ്ദീൻ  നികുതി എനിക്ക് നൽകുന്നില്ല. അപ്പോൾ തിരുമേനി ചോദിച്ചു. അതു ശരി ഇനി ഞാനെന്തു ചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്. സുൽത്താൻ ചോദിച്ചു തിരുമേനി ഞാൻ പറഞ്ഞ്  വരുന്നത് മുല്ലാ നസറുദ്ദിന്റെ വിളവുകളിൽ എനിക്കും തിരുമേനി ഒരു അവകാശം നൽകണം എന്ന് ഞാൻ അഭ്യർത്ഥി ക്കുന്നു. എന്ന് ഗ്രാമുഖ്യൻ തിരുമേനിയാട് പറഞ്ഞു.

അപ്പോൾ തിരുമേനി പറഞ്ഞു അങ്ങനെ ആവട്ടെ മന്ത്രിയെ കണ്ട് ഉത്തരവ് വാങ്ങി ക്കൊള്ളൂ. തിരുമേനി ഗ്രാമമുഖ്യനോട് പറഞ്ഞു. അതുകേട്ടപ്പോൾ ഗ്രാമമുഖ്യൻ വളരെ അധികം സന്തോഷമായി. പിന്നീട് ഗ്രാമമുഖ്യൻ മന്ത്രിയെ കണ്ട് ഉത്തരവ് വാങ്ങി. എന്നിട്ട് മുല്ലാനസറുദ്ദീൻ ചോദിച്ചു താങ്കൾക്ക്' ഏത് ഭാഗമാണ് വേണ്ടത് . അപ്പോൾ അദ്ദേഹം പറഞ്ഞു മുകളിൽ വിളയുന്നത് ഏതെല്ലാം എന്നാൽ അതാണ് ഞങ്ങൾക്ക് വേണ്ടത് എന്ന് അത്യാഗ്രഹിയായ ഗ്രാമമുഖ്യൻ പറഞ്ഞു

അപ്പോൾ മുല്ലാ നാസറുദ്ദീൻ  ബുദ്ധി പൂർവ്വം കൃഷിചെയ്തു. ഭൂമിയുടെ മുകളിൽ വിളയുന്നത് എല്ലാം ഗ്രാമമുഖ്യന് നൽകി കൊണ്ട് മന്ത്രി ഉത്തരവ് നൽകി. ആ വർഷം മുല്ല കൃഷി ചെയ്തത് ഗോതമ്പ് ആയിരുന്നു. അങ്ങനെ മുല്ലക്ക് ഒരു പാട് നല്ല വിളവും കിട്ടി. വിളവ് എടുക്കുന്ന സമയത്ത് ഗ്രാമമുഖ്യൻ എത്തിയപ്പോൾ മണ്ണിന് മുകളിൽ വളർന്ന ഗോതമ്പിന്റെ തണ്ട് നൽകി. അപ്പോൾ അദ്ദേഹം ചോദിച്ചു ഇത് എന്താണ്. മണ്ണിന് മുകളിൽ വളർന്നത്. എന്റെ വിളവ് എവിടെ ഞാൻ എടുത്ത് അത് എന്താണ്. കാരണം ഞാൻ ഗോതമ്പ് ആണ് കൃഷി ചെയ്തത് അതുകൊണ്ട്. അങ്ങനെ ഗ്രാമുഖ്യന് വളരെ  അധികം കോപിഷ്ട്ടനായിട്ടാണ് അവിടെ നിന്ന് മയങ്ങിയത്. പിന്നീട് അദ്ദേഹം അവകാശം ചോദിച്ചു  വന്നില്ല. മുല്ല സന്തോഷപൂർവ്വം പിന്നീട് കൃഷി ചെയ്തു.



ഭൂമിക ഡി
Std IX  B

# ഒരു വൻഡർലാ യാത്ര

2023 ഒക്ടോബർ 19 എനിക്കും എന്റെ കൂട്ടുകാർക്കും ഒരിക്കലും മറക്കാൻ പറ്റാത്ത ദിവസമാണ് അന്നൊരു യാത്രമായിരുന്നില്ല ഞങ്ങളുടെ ഒരു കൂട്ടുകാരന്റെ പിറന്നാൾ കൂടിയായിരുന്നു അവനുംഇത് മറക്കാൻ കഴിയില്ലായിരിക്കും.ഞങ്ങളെല്ലാവരും രാവിലെ 3 30 ആയപ്പോൾ സ്കൂളിൽ എത്തി എന്നിട്ട് അവിടെ കുറെ നേരം നിന്നു നാലു മണിയായപ്പോൾ ബസ് വന്നു നാലു 30 ആയപ്പോൾ ബസ് എടുത്തു ഞങ്ങൾ പാട്ട് ഇട്ട് ഡാൻസ് കളിച്ചു രസിച്ചു. ഒരു ആറുമണിയായപ്പോൾ ഞങ്ങൾ എല്ലാവരും കൂടി അവനെ വിഷ് ചെയ്തു 6 30 ആയപ്പോൾ ടൗണും ബീച്ചും കണ്ടു 7 മണി ആയപ്പോൾ ഞങ്ങൾ ആലപ്പുഴയിൽ ഇറങ്ങി ഒരു ഹോട്ടലിൽ എത്തി അവിടെ കയറി ഞങ്ങൾ ഇഷ്ടമുള്ള ഭക്ഷണം വാങ്ങി കഴിച്ചതിനു ശേഷം ബസ് കയറി തൃപ്പൂണിത്തറയിൽ എത്തി .അവിടെനിന്നും മെട്രോയിൽ കയറി ആലുവയിൽ ഇറങ്ങി ഏകദേശം11 മണി ആയപ്പോൾ ഞങ്ങൾ വണ്ടർലയിൽ എത്തി .

കുറച്ചുനേരം അവിടെ നിന്നതിനു ശേഷം ഞങ്ങൾ റൂമിൽ കയറി വസ്ത്രം മാറിയിട്ടതിനുശേഷം ഞങ്ങളെല്ലാവരും കൂടി ഒരു റൈഡിൽ കയറി അതെനിക്കും എന്റെ കൂട്ടുകാരികൾക്കും മറക്കാൻ പറ്റാത്ത അനുഭവമാണ് .റൈഡിൽ കയറിയപ്പോൾ അവിടുന്ന് ചേട്ടന്മാർ ഞങ്ങളുടെ കയ്യിലുള്ള സാധനങ്ങൾ വാങ്ങിയതിനു ശേഷം റൈഡ് ആരംഭിച്ചു ആദ്യം പതിയെ പതിയെ നീങ്ങിയപ്പോൾ ഞങ്ങൾക്ക് ഒരു പേടി തോന്നിയില്ല ഒന്നുമറിയാതെ കണ്ണ് തുറന്നു പോയി താഴെ നോക്കിയപ്പോൾ പേടിയായി അതുപോലെ വണ്ടർലാ മുഴുവനും കണ്ടു ആകാശത്തിൽ വരെ ഞങ്ങൾ പോയി അത്രയ്ക്കൊരുത്തിലായിരുന്നു ഞങ്ങൾ നിന്നത് അവിടെനിന്ന് പെട്ടെന്ന് വലിയ ശക്തി വേഗത കൂടിയത് കറങ്ങി കറങ്ങി പോയപ്പോൾ ഞങ്ങൾ ഞെട്ടി കണ്ണ് തുറന്നപ്പോൾ വല്ലാതെ പേടിയായി. ഞാൻ സകല ദേവന്മാരെ വിളിച്ചു കുറെനേരം കഴിഞ്ഞ് നാട്ടിൽ നിന്ന് ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ തല ചുറ്റുന്നത്പോലെ തോന്നി അങ്ങനെ സിസിടിവി ഞങ്ങളുടെ ചിത്രം കണ്ടു.ഞങ്ങൾ വെള്ളം തിരക്കിയ ഒരു ഹോട്ടലിന്റെ മുന്നിലെത്തിയപ്പോൾ ഞങ്ങൾക്ക് ഒരു കുപ്പി വെള്ളം കടം വാങ്ങി കുടിക്കാമെന്ന് വിചാരിച്ചിരുന്ന സമയത്താണ് ഞങ്ങൾ ഹോട്ടലിന്റെ മുകളിലുള്ള ബോർഡിൽ നോക്കിയപ്പോൾ ഞങ്ങൾ പറഞ്ഞത് ഇത് ഞങ്ങൾക്ക് ഭക്ഷണം കഴിക്കാനുള്ള ഹോട്ടൽ ആയിരുന്നു. അതിന്റെ പുറകിൽ വെള്ളം കുടിക്കാനുള്ള ഒരു മിഷൻ കണ്ടു ഞങ്ങൾ ഏഴുപേരും ചേർന്ന് വെള്ളം കുടിച്ചു നല്ല തണുത്ത വെള്ളം ആയിരുന്നു അത് ഉള്ളിലേക്ക് ചെന്നപ്പോൾ ആശ്വാസം തോന്നി.

ഒരു 12 30 ആയപ്പോൾ ഞങ്ങളെല്ലാവരും ഭക്ഷണം കഴിക്കാനെത്തി ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ചിറങ്ങി കുറച്ചുനേരം അവിടെ ഇരുന്നതിനു ശേഷം ബാക്കിയുള്ള കയറിക്കഴിഞ്ഞ് ഞങ്ങൾ എല്ലാവരും വെള്ളത്തിൽ ഇറങ്ങി ആസ്വദിച്ചു കുറെ നേരം വെള്ളത്തിൽ കിടന്ന് കളിച്ചതിനു ശേഷം ഞങ്ങൾ എല്ലാവരും കൂടി തിരമാലകൾ അടിക്കുന്ന വെള്ളത്തിൽ ഇറങ്ങി ഓരോ മണിക്കൂറുകൾ കഴിയുമ്പോൾ തിരമാലകൾ അടിക്കുമായിരുന്നു അവസാനത്തെ തിരമാല വൈകിട്ട് 5 30ന് അവസാനിച്ചു .ഞങ്ങൾ അത് കഴിഞ്ഞ് വസ്ത്രങ്ങൾ മാറിയതിനു ശേഷം പുറത്തിറങ്ങി ഒരു ഐസ്ക്രീമും കടയിൽ കയറി ഞാനൊരു കൂട്ടുകാരന് ഒരു ഐസ്ക്രീം മേടിച്ചു കൊടുത്തതിനുശേഷം ആറുമണിയായപ്പോൾ ഞങ്ങൾ ബസ്സിൽ കയറി കുറച്ചുനേരം വിശ്രമിച്ചിരുന്നു .ശേഷം വീണ്ടും ഞങ്ങൾ ഡാൻസ് കളിച്ച കുറേനേരം കഴിഞ്ഞപ്പോൾ കോട്ടയത്ത് എത്തിയതിനുശേഷം ഒരു 8:00 ആയപ്പോൾ ഹോട്ടലിൽ കയറി ആഹാരം കഴിച്ചു അവിടെ ഒരു കടയിൽ കയറി മിഠായി വാങ്ങിച്ചു.അങ്ങനെ കുറെ സമയം കഴിഞ്ഞ് ബസ്സിൽ കയറിയപ്പോൾ അത് ഏകദേശം ഒരു 9 മണി 9 30 ആയി കാണും കുറച്ച് നേരം ഉറങ്ങിയതിനു ശേഷം അല്പനേരം കഴിഞ്ഞ് വീട്ടിൽ വിളിച്ചു 11:00 മണിയായപ്പോൾ സ്കൂളിൽ എത്തി അവിടെ നിന്ന്തിരിച്ചു വീട്ടിൽ വന്ന് കയറി കിടന്നുറങ്ങി ഈ യാത്ര ഞാൻ ഒരു ജന്മത്ത് മറക്കില്ല അത്രയ്ക്ക് ഒരു വലിയ അനുഭവമായിരുന്നു ഈ യാത്ര.



അഭിരാമി എസ്
Std 10 B

# മലയാളം പഴഞ്ചൊല്ലുകൾ


1. അജ്ഞത അനുഗ്രഹമാകുന്നിടത്ത് ബുദ്ധിമാൻ മണ്ടനാകും
2. അന്നു പഠിച്ചത് ഇന്നു ഫലിച്ചു
3. അർഥമില്ലാത്തവന് അർഥമുണ്ടായാൽ അർദ്ധരാത്രിക്കും കുട പിടിക്കും
4. അര വിദ്യ അരങ്ങത്തു കാട്ടരുത്
5.അല്പജ്ഞനെക്കാൾ നല്ലത് അജ്ഞൻ
6. അല്പജ്ഞാനമഹം കൃതി മൂലം
7. തിരുവായ്ക്കെതിർ വായില്ല
8. കയ്യിൽ നിന്നും വീണാൽ എടുക്കാം  വായിൽ നിന്നും വീണാൽ എടുത്തുടാ
9. താൻ നേടാത്ത പൊന്നിന്റെ മാറ്ററിയില്ല
10. പന്തിക്കും മുമ്പും പടയ്ക്ക് പിമ്പും



കീർത്തന രവീന്ദ്രൻ
std .8B

# എലിയും പൂച്ചയും

പണ്ട് പണ്ട് ഒരിടത്ത് ഒരു പൂച്ചക്കുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് അമ്മു എന്നാണ്. അവൾക്ക് തിന്നാൻ ഇഷ്ടം എലിയെയാണ്. ഒരു ദിവസം എലിയെ അവൾ കണ്ടു. അപ്പോൾ അവൾ ക്ക് വിശന്നു. അവൾ എലിയെ തിന്നാൻ ഓടി. അപ്പോൾ ഒരു കാട്ടിൽ നിറയെ ആഹാരം അവൾ കണ്ടു. അവൾ അതിന്റെ അടുത്ത് ചെന്നു. അവൾ നിറയെ ആഹാരം കഴിച്ചു അവൾക്ക് സന്തോഷമായി.





സരോവർ
std I



അക്ഷര ബി ആർ
std.8B

## എൻ ഗുരുനാഥൻ

ലോക നന്മതൻ ആത്മാവാകുമെൻ ദൈവം

അറിവിൻ പൊരുളാകുമെൻ ഗുരുനാഥൻ

ജ്ഞാനദൃഷ്ടിയിലാഴ്ന്നിറങ്ങിയ

ആരാധ്യത്തിൻ മയിൽപ്പീലികൾ

അക്ഷരപ്പടവുകൾ കയറ്റി നമ്മെ

ഉയരങ്ങൾ കീഴടക്കാൻ അനുഗ്രഹിച്ചീടും

അറിവിൻ ജാലകം തുറന്നിട്ടെന്നെ

ആദ്യാക്ഷരം പഠിപ്പിച്ചതെന്റെ ഗുരുനാഥൻ



## അമ്മ വാത്സല്യം

എകസ്ഥാനിയാം സ്നേഹം നിറഞ്ഞൊരീ

അമ്മതൻ വാത്സല്യ ദുഗ്ധം

അമ്മ തൻ സ്നേഹ വാത്സല്യത്തിനു മുന്നിൽ

കൽപ്പിക്കുന്നു ലോകമെന്നും ആദ്യ സ്ഥാനം.

ദുഃഖങ്ങളും ദുരിതങ്ങളും ഉള്ളിലൊതുക്കി

വാത്സല്യ നിധിപോൽ പുണരുന്ന അമ്മ

നാടിനു ലക്ഷ്മിയും വീടിനു ദീപവും

അമ്മതൻ സ്നേഹിത്തിൽ ഐശ്വര്യത്താൽ







അനവദ്യ എ .സ് Std V A






സുചിത്ര
Std IX A




അളകനന്ദ പി
Std V B



അനക് യു എസ്
Std VIII A










ആരാധ്യ എസ് ആർ
Std V B



അഷ്ടമി എ ആർ
Std V B







കാശിനാഥൻ
Std I






അനാമിക എം
1. Std VA





സാരംഗി
Std I






നിഹാരിക
Std I








ദീപക് ദീപു
Std I











ശ്രീഗംഗ പി എസ്
Std VIII B





നിവേദിത എസ് എച്ച്
Std IX B





വൃന്ദ
Std VIII B





സംവൃത എസ്
Std X B











ശ്രേയ ശ്രീജേഷ്
Std V B





ദൃശ്യ എസ്
std V B

# നന്ദി

നെട്ടയം ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിൽ അംഗങ്ങളായ 2022–25 ബാച്ചിന്റെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന " ദിശ "എന്ന ഡിജിറ്റൽ മാഗസിനിലേക്ക് കഥകളും കവിതകളും ചിത്രരചനകളും നൽകിയ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളോടും ഈ മാഗസിൻ പ്രസിദ്ധീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ പ്രധാനാധ്യാപിക ,പ്രിയ സഹപ്രവർത്തകർ, ക്ലബ്ബിൽ അംഗങ്ങളായ എല്ലാ വിദ്യാർത്ഥികളോടും ഉള്ള നന്ദി അറിയിക്കുന്നു.

കൈറ്റ് മാസ്റ്റർ–ഷൈജു.പി
കൈറ്റ് മിസ്ട്രസ്–അമ്പിളി .സി